"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ OA 673/2018-ന്റെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി ഓരോ കേസും പ്രത്യേകം പരിഗണിച്ച്, ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ടും, സർക്കാരിന്റെ സാധൂകരണത്തിനു വിധേയമായും തദ്ദേശ സ്വയം ഭരണ വകുപ്പിന് കൈമാറുന്നതിന് ജില്ലാ കളക്ടർമാർക്കു അനുമതി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.186/2023/RD തീയതി,തിരുവനന്തപുരം, 03-08-2023

---

പരാമർശം:-
1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 24.12.2022-ലെ എൽആർ /14432/2022-എൽആർ(കെ2) നമ്പർ കത്ത്
2. 05.06.2018 ലെ സ.ഉ (പി)നം. 31/2018/റവന്യൂ നമ്പർ ഉത്തരവ്
3. 17.06.2022 ലെ സ.ഉ(കൈ)നം.161/2022/റവന്യൂ നമ്പർ ഉത്തരവ്

**ഉത്തരവ്**

നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ OA/673/2018 ന്റെ വിധിന്യായ പ്രകാരം ഖര മാലിന്യ സംസ്കരണം , സീവേജ്/സെപ്റ്റേജ് സംസ്കരണം, മറ്റു ഖര മാലിന്യ സംസ്കരണം എന്നിവക്കായി ഭൂമി കൈമാറുന്നതിന് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി കണ്ടുപിടിക്കുവാനും ജില്ലാ കളക്ടർമാർ ഇത്തരം ഭൂമി മേല്പറഞ്ഞ ആവശ്യത്തിനായി മാറ്റി വയ്ക്കുവാനും നിർദ്ദേശം നൽകിയിരുന്നു.

(2) നിലവിലെ നിയമങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഭൂമി പാട്ടത്തിനു മാത്രമേ നൽകുവാൻ കഴിയുകയുള്ളൂ എന്നും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നോമിനൽ ലീസ് ആയോ ഫെയർ വാല്യൂ വാങ്ങിയോ ഭൂമി തദ്ദേശ സ്വയംഭരണ വകുപ്പിനു്/സ്ഥാപനത്തിനു് നൽകാവുന്നതാണ് എന്നും കമ്മീഷണർ, ലാൻഡ് റവന്യൂ ശുപാർശ ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി കണ്ടെത്തുന്ന ഭൂമി കോർപ്പറേഷൻ പരിധിയിൽ 25 സെന്റ് വരെയും മുനിസിപ്പാലിറ്റി പരിധിയിൽ 50 സെന്റ് വരെയും പഞ്ചായത്ത് പരിധിയിൽ 2 ഏക്കർ വരെയും കൈമാറി നൽകുന്നതിനു് ജില്ലാ കളക്ടർക്ക് അധികാരം നൽകാവുന്നതാണ് എന്ന് കമ്മീഷണർ, ലാൻഡ് റവന്യൂ ശുപാർശ

ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പാട്ടവ്യവസ്ഥയിൽ നൽകാവുന്ന ഭൂമിയുടെ പരിധിയും മേൽപറഞ്ഞ പ്രകാരം ഉയർത്താവുന്നതാണ് പരാമർശം (1) പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ ശുപാർശ സമർപ്പിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മാത്രമായി ആവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി ഓരോ കേസും പ്രത്യേകം പരിഗണിച്ച്, ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, സർക്കാരിന്റെ സാധൂകരണത്തിനു വിധേയമായി തദ്ദേശ സ്വയം ഭരണ വകുപ്പിന് കൈമാറുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നല്കിക്കൊണ്ടും, ഇത്തരത്തിൽ കൈമാറി ലഭിക്കുന്ന ഭൂമിയുടെ ഉപയോഗം സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് പുറപ്പെടുവിക്കുവാൻ തദ്ദേശ സ്വയം ഭരണ വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും (ലാൻഡ് റവന്യൂ കമ്മിഷണർ മുഖാന്തിരം )

തദ്ദേശ സ്വയം ഭരണ വകുപ്പ്(Wm2/145/2022-LSGD)

പൊതു ഭരണ (എസ് സി ) വകുപ്പ് (02.08.2023 ലെ ഇനം നമ്പർ 1687 പ്രകാരം)

പരിസ്ഥിതി (എ) വകുപ്പ് (എ2/164/2018/പരിസ്ഥിതി)

റവന്യൂ (എ, എൽ, എം, പി, യു) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസിന്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി എസിന്

ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറിക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്

അഡിഷണൽ സെക്രട്ടറിയുടെ സി എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ